

കേരള സർക്കാർ

കേരള ലളിതകലാ അക്കാദമി
തൃശ്ശൂർ

ഓഡിറ്റ് റിപ്പോർട്ട് 2024-25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ – 680001
www.ksad.kerala.gov.in
email:-lfadtcr@gmail.com

ഫോൺ - 0487 2331249

നം.കെ.എസ്.എ.ടി.എസ്.ആർ (മിസ്.2) 636/2026.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
പിൻ - 680 001
തീയതി : 07.08.2026
ഫോൺ നമ്പർ : 0487 2331249
ഇ-മെയിൽ : lfadtcr@gmail.com

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി
കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ

സർ,

വിഷയം : കേരള ലളിതകലാ അക്കാദമിയുടെ 2024-25 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

*****

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേരള ലളിതകലാ അക്കാദമിയുടെ 2024-25 വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദിയായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23 കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരിക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
3) അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
4) ഡയറക്ടർ, സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് (ഉപരിപത്രം സഹിതം).
5) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.ടി.എസ്.ആർ (മിസ്.2) 636/2026 തീയതി : 07.08.2026

കേരള ലളിതകലാ അക്കാദമിയുടെ 2024-25 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്ന കേരള ലളിതകലാ അക്കാദമിയുടെ 2024-25 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്)

ഓഡിറ്റ് നടത്തിയതിന്റെ വിവരം:

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീ. അരവിന്ദാക്ഷൻ പി. ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം	7.05.2026 മുതൽ 20.05.2026 വരെ	
ഓഡിറ്റ് നടത്തിയവരുടെ പേരു വിവരം	ശ്രീ. സിനിലാൽ എം. ജി.	ഓഡിറ്റ് ഓഫീസർ
	ശ്രീമതി. ഹണി കെ. എസ്.	ഓഡിറ്റ് ഓഫീസർ
	ശ്രീമതി. സോന കെ. സത്യൻ	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീ. ജോയ്സൺ സി. ജെ.	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീമതി. നിഷ കെ. കെ.	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീമതി. നിലൂഫർ ബി. ഐ.	സീനിയർ ഗ്രേഡ് ഓഡിറ്റർ
	ശ്രീമതി. പ്രജുല ഇ. ബി.	ഓഡിറ്റർ

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ, ഡെവലപ്പ്മെന്റ് ഫണ്ട് എന്നിവ ഉൾപ്പെടെ കേരള ലളിതകലാ അക്കാദമിയുടെ 2024-25 വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി. 1.04.2025 മുതൽ 31.03.2026 വരെയുള്ള പണം പിരിവ്, അവയുടെ അടവ്, 2024-25 വർഷത്തെ പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റ് നൽകിയ 27 അന്വേഷണക്കുറിപ്പുകൾക്ക് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

നിർവ്വഹണാധികാരികൾ

ചെയർമാൻ	ശ്രീ. മുരളി ചീരോത്ത്	01.04.2024 മുതൽ 31.03.2025 വരെ
സെക്രട്ടറി	ശ്രീ. എൻ. ബാലമുരളീകൃഷ്ണൻ	01.04.2024 മുതൽ 26.02.2025 വരെ
സെക്രട്ടറി (താൽകാലിക ചുമതല)	ശ്രീ. എബി എൻ. ജോസഫ്	27.02.2025 മുതൽ 31.03.2025 വരെ
ട്രഷറർ	ശ്രീ. എൻ. സതീഷ് കുമാർ	01.04.2024 മുതൽ 18.12.2024 വരെ

ട്രഷറർ	ശ്രീ. പി. കെ. വേലായുധൻ	19.12.2024 മുതൽ 31.03.2025 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം - 1	ഖണ്ഡിക നമ്പർ
1	ആമുഖം	1-1
2	ബജറ്റ്	1-2
3	വാർഷികകണക്കുകളുടെ പരിശോധന	1-3
4	നിർവ്വാഹക സമിതി	1-4
	ഭാഗം - 2	
5	സർക്കാർ ധനസഹായം	2-1
6	ആർട്ട് ഗ്യാലറികളിൽ TR 5 രസീത് ഉപയോഗിച്ച് പണംപിരിവ് നടത്തി	2-2
7	സ്റ്റോക്ക് ഭൗതിക പരിശോധന-രസീത് ബുക്ക് എണ്ണത്തിൽ കുറവ്	2-2-1
8	രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ	2-3
	ഭാഗം - 3	
9	ദർബാർഹാൾ കലാകേന്ദ്ര – കഫെറ്റേറിയ --- വാടകക്ക് നൽകിയതിലെ അപാകതകൾ	3-1
10	എൻ പിഎസ് വിഹിതം അടവാക്കുന്നതിൽ കാലതാമസം	3-2
11	സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്ലാൻ ഫണ്ടിൽ നിന്ന് വേതനം നൽകി	3-3
12	സേവനപുസ്തക പരിശോധന-- കണ്ടെത്തിയ അപാകതകൾ	3-4
13	അക്കാദമി വെബ്സൈറ്റ് നവീകരണം – വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	3-5
14	നിർവ്വാഹക സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്ന വിഷയങ്ങൾ	3-6
15	വിവിധ രേഖകളുടെ പരിപാലനം കൃത്യമായി നിർവഹിക്കുന്നില്ല	3-7
16	താൽക്കാലിക ജീവനക്കാരുടെ നിയമനം-നിയമാനുസൃത നടപടികൾ സ്വീകരിക്കണം	3-8
17	പ്രോവിഡന്റ് ഫണ്ട് നിക്ഷേപങ്ങൾക്ക് അർഹമായ നിരക്കിൽ പലിശ ലഭിക്കുന്നില്ല-അക്കാദമിയ്ക്ക് ബാധ്യത	3-9
18	തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് തുടർ നടപടി സ്വീകരിക്കണം-കലാസൃഷ്ടികളുടെ സ്റ്റോക്ക് അപ്ഡേറ്റ്	3-10

	ചെയ്ത് മൂല്യ നിർണ്ണയം നടത്തണം	
19	പദ്ധതിയേതര വിഹിതത്തിൽ നിന്നും ഡവലപ്മെന്റ് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യാൻ അവശേഷിക്കുന്ന തുക 1.79 കോടി രൂപ-തുടർ നടപടി സ്വീകരിക്കണം	3-11
20	പത്തടിപ്പാലം ആർട്ട് ക്യാമ്പ് റസിഡൻസി - അക്കാദമിയ്ക്ക് അധിക ചെലവ് വരുത്തി	3-12
21	ആർട്ട് റസിഡൻസി ക്യാമ്പുകളിൽ വരച്ച ചിത്രങ്ങളുടെയും,മറ്റ് കലാസൃഷ്ടികളുടെയും സ്റ്റോക്കെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല	3-13
22	വാഹന പരിപാലനം -അപാകതകൾ	3-14
23	ജനറേറ്റർ- രജിസ്റ്റർ സംബന്ധിച്ച അപാകതകൾ	3-15
24	ചിത്രവാർത്ത ബുള്ളറ്റിൻ പ്രസിദ്ധീകരണം -സ്റ്റോക്ക് രജിസ്റ്റർ അപാകത	3-16
	ഭാഗം - 4	
25	സാമ്പത്തിക നില	4-1
26	ഓഡിറ്റ് ചാർജ്ജ്	4-2
27	ഓഡിറ്റ് പ്രത്യവലോകനം	4-3
	അനുബന്ധം	
28	കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ-2024-25 വർഷത്തെ വരവ് ചെലവ് കണക്കുകൾ	അനുബന്ധം 1
29	ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം2

ഭാഗം -1

പൊതു അവലോകനം

1-1 ആമുഖം

1962 നവംബർ മാസത്തിൽ തൃശ്ശൂർ ആസ്ഥാനമായി സ്ഥാപിതമായ കേരള ലളിതകലാ അക്കാദമി, ചിത്രരചന, ശില്പകല, ഫോട്ടോഗ്രാഫി, കാർട്ടൂൺ എന്നീ വിഭാഗങ്ങളിലെ മികച്ച കലാസൃഷ്ടികളെ കണ്ടെത്തി പരിപോഷിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ ആക്ടിന് കീഴിൽ 1985 ഡിസംബറിൽ പുതുക്കിയ മെമ്മോറാണ്ടം ഓഫ് അസോസിയേഷനോടും, ആർട്ടിക്കിളുകളോടും കൂടി ഒരു സൊസൈറ്റിയായി ലളിതകലാ അക്കാദമി രജിസ്റ്റർ ചെയ്തു. (സർക്കാർ ഉത്തരവ് (നം.) 28/85/സി.ഡി. തിയ്യതി. 24.12.85). അക്കാദമിയുടെ രജിസ്ട്രേഷൻ 19.08.2023 ൽ പുതുക്കിയിട്ടുണ്ട് (രജി.നം. 436/85).

ചിത്ര-ശില്പ കലകളുടെ പ്രോത്സാഹനത്തിനായി ദേശീയ ചിത്രകലാ ക്യാമ്പുകൾ, ചിത്ര ശില്പ ആസ്വാദന പഠനകളരി, പെയിന്റിങ്ങ്/ഫോട്ടോഗ്രാഫി പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക, വിവിധ കലകളെപ്പറ്റിയുള്ള പഠന ഗവേഷണങ്ങളെയും പരിശീലനങ്ങളെയും പ്രോൽസാഹിപ്പിക്കുക, കലാപ്രതിഭകളുടെ ഉത്തമസൃഷ്ടികൾക്ക് അവാർഡുകളിലൂടെയും മറ്റും അംഗീകാരം നൽകുക, കേരളത്തിന്റെ പരമ്പരാഗത കലാരൂപങ്ങളായ കളമെഴുത്ത്, കോലം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുക എന്നിവ അക്കാദമിയുടെ ലക്ഷ്യങ്ങളിലുൾപ്പെടുന്നവയാണ്.

അക്കാദമി നൽകി വരുന്ന പ്രധാന പുരസ്കാരങ്ങൾ

11.4.2018 ലെ സ. ഉ. (സാധാ)നം. 291/2018/സാം.കാ.വ പ്രകാരം കേരള ലളിതകലാ അക്കാദമി നൽകിവരുന്ന ഫെല്ലോഷിപ്പ്/ അവാർഡുകൾ താഴെ കാണും പ്രകാരമാണ്.

അവാർഡ്	എണ്ണം	തുക

ഫെല്ലോഷിപ്പ്	2	75,000
സംസ്ഥാന അവാർഡ്	5	50,000
ഓണറബിൾ മെൻഷൻ	5	25,000
സ്പെഷ്യൽ മെൻഷൻ	5	10,000
ഫോട്ടോഗ്രാഫി അവാർഡ്	1	50,000
കാർട്ടൂൺ അവാർഡ്	1	50,000
ഫോട്ടോഗ്രാഫി ഓണറബിൾ മെൻഷൻ	2	25,000
കാർട്ടൂൺ ഓണറബിൾ മെൻഷൻ	2	25,000

മേൽപ്പറഞ്ഞവ കൂടാതെ മികച്ച ഭൂഭാഗ/ഛായാ ചിത്ര വിഭാഗത്തിൽ 'വി. ശങ്കരമേനോൻ എൻഡോവ്മെന്റ് സ്വർണ്ണ മെഡൽ', മികച്ച പ്രകൃതി ദൃശ്യ ചിത്രത്തിന് 'വിജയ രാഘവൻ എൻഡോവ്മെന്റ് സ്വർണ്ണ മെഡൽ', കലാ സംബന്ധിയായ മൗലിക ഗ്രന്ഥ അവാർഡ്, കലാ സംബന്ധിയായ പരിഭാഷാ അവാർഡ് എന്നിവയും നൽകുന്നു.
21.12.2022-ലെ മൂന്നാമത് ജനറൽ കൗൺസിൽ അവാർഡ് തുകകൾ വർദ്ധിപ്പിക്കുന്നതിനും ഫെല്ലോഷിപ്പുകളുടെ തുക 75,000 രൂപയിൽ നിന്ന് 1,50,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഫെല്ലോഷിപ്പുകളുടെ എണ്ണം 5 ആയി വർദ്ധിപ്പിക്കുന്നതിനും അവാർഡ് തുക, ഓണറബിൾ മെൻഷൻ തുടങ്ങിയവ യഥാക്രമം 1,00,000, 50,000 എന്നിങ്ങനെ വർദ്ധിപ്പിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ അംഗീകാരം ലഭിച്ചതായി കാണുന്നില്ല. കൂടാതെ ചിത്രകല/ശില്പകല, ഫോട്ടോഗ്രാഫി എന്നീ വിഭാഗങ്ങളിൽ സോളോ എക്സിബിഷൻ ഗ്രാന്റും അക്കാദമി നൽകി വരുന്നുണ്ട്.

വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ
1) കെ. കരുണാകരൻ സ്മാരക സ്കോളർഷിപ്പ്

കേരളത്തിൽ ജനിച്ചിട്ടുള്ളതും മലയാളികളുമായ കലാവിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്. പെയിന്റിങ്ങ്, ശില്പകല, ഗ്രാഫിക്സ് എന്നീ വിഷയങ്ങളിൽ ഗവ. അംഗീകൃത സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും എംഎഫ്എ/എംവിഎ, ബിഎഫ്എ/ബിവിഎ കോഴ്സുകൾക്ക് അവസാന വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതാതു വിഭാഗത്തിന്റെ തലവൻമാർ നൽകുന്ന യോഗ്യതയുടേയും സ്വഭാവത്തിന്റേയും സാക്ഷ്യപത്രമനുസരിച്ചാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത്.

എംഎഫ്എ/എംവിഎ കോഴ്സിനു പഠിക്കുന്ന 5 വിദ്യാർത്ഥികൾക്ക് 6000 രൂപ വീതവും ബിഎഫ്എ/ബിവിഎ കോഴ്സിനു പഠിക്കുന്ന 5 വിദ്യാർത്ഥികൾക്ക് 5000 രൂപ വീതവുമാണ് സ്കോളർഷിപ്പ് ഏർപ്പെടുത്തിയിരിക്കുന്നത്.

2) കലാവിദ്യാർത്ഥികൾക്കായി നൽകുന്ന സ്കോളർഷിപ്പ്

എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും ചിത്രകല, ശില്പകല, ഗ്രാഫിക്സ് എന്നീ വിഷയങ്ങളിൽ എംഎഫ്എ/എംവിഎ, ബിഎഫ്എ/ബിവിഎ കോഴ്സുകൾക്ക് പഠിക്കുന്ന കേരളീയരായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ഓഡിറ്റ് വർഷം 2023-24 സ്കോളർഷിപ്പിനായി ലഭിച്ച 133 ഓൺലൈൻ അപേക്ഷകളിൽ നിന്നും എംഎഫ്എ/എംവിഎ കോഴ്സിനു പഠിക്കുന്ന 14 വിദ്യാർത്ഥികളെയും (50,000 രൂപ വീതം) ബിഎഫ്എ/ബിവിഎ കോഴ്സിനു പഠിക്കുന്ന 14 വിദ്യാർത്ഥികളെയും (25,000 രൂപ വീതം) സ്കോളർഷിപ്പിന് തെരഞ്ഞെടുത്തു.

തെരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ അപേക്ഷകൾ, സാക്ഷ്യപത്രങ്ങൾ, സ്കോളർഷിപ്പിനു തെരഞ്ഞെടുത്തതിന്റെ അർഹതാ മാനദണ്ഡങ്ങൾ, തെരഞ്ഞെടുപ്പ് അംഗീകരിച്ച കൊണ്ടുള്ള നിർവ്വാഹക സമിതി യോഗ തീരുമാനം, അക്കൗണ്ട് വിശദാംശങ്ങൾ, തുക നൽകിയതിന്റെ ക്രെഡിറ്റ് സ്റ്റാറ്റസ്, ബിൽ വിശദാംശം ഉൾക്കൊള്ളിച്ചിട്ടുള്ള രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്.

1-2 ബജറ്റ്

പദ്ധതിയിനത്തിൽ 1585 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 440.5 ലക്ഷം രൂപയും വരവ് ചെലവ് പ്രതീക്ഷിക്കുന്ന 2024-25 വർഷത്തെ ബജറ്റ് ജനറൽ കൗൺസിലിന്റെ 15.01.2024 ലെ 4 നമ്പർ തീരുമാന പ്രകാരവും, ഫിനാൻസ് കമ്മിറ്റിയുടെ 19.10.2023 ലെ തീരുമാനം 2 പ്രകാരവും അംഗീകരിച്ചു.

പദ്ധതിയിനത്തിൽ 550 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 362 ലക്ഷം രൂപയും വരവ് ചെലവ് പ്രതീക്ഷിക്കുന്ന 2024-25 വർഷത്തെ പുതുക്കിയ ബജറ്റ് ഫിനാൻസ് കമ്മിറ്റിയുടെ 27.07.2024 ലെ 2-ാം നമ്പർ തീരുമാനപ്രകാരവും, ജനറൽ കൗൺസിലിന്റെ 27.07.2024-ലെ തീരുമാനം നം.2 പ്രകാരവും അംഗീകരിച്ചു. ബജറ്റിൽ പദ്ധതി, പദ്ധതിയേതരചെലവുകൾ മാത്രമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. വികസനഫണ്ടിന്റെ വരവ് ചെലവുകൾ ബജറ്റിൽ ചേർക്കുന്നില്ല. അക്കാദമി നൽകുന്ന ബജറ്റ് നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും ഗ്രാന്റ് അനുവദിക്കുകയാണ് ചെയ്തുവരുന്നത്. പദ്ധതിയിനത്തിൽ 546 ലക്ഷം രൂപ അക്കാദമി വകയിരുത്തിയെങ്കിലും സർക്കാർ 425 ലക്ഷം രൂപയാണ് 2024-25 ൽ അനുവദിച്ചിരിക്കുന്നത്.

കേരള ലളിതകലാ അക്കാദമിയുടെ അംഗീകരിക്കപ്പെട്ട നിയമാവലി (ജി.ഒ.(എം.എസ്.) നം. 28/85/സി.ഡി. തീയതി 24-12-1985) ഖണ്ഡിക 14(v) പ്രകാരം സ്ഥാപനത്തിന്റെ തൊട്ടടുത്ത വർഷത്തെ ബജറ്റ് ജനറൽ കൗൺസിലിന് മുമ്പാകെ സമർപ്പിക്കേണ്ടത് നിർവ്വാഹക സമിതിയുടെ കർത്തവ്യമാണ്. എന്നാൽ സ്ഥാപനത്തിന്റെ ബജറ്റ് സംബന്ധമായ വിവരങ്ങൾ അക്കാദമി നിർവാഹകസമിതി യോഗമിനിറ്റ്സിൽ രേഖപ്പെടുത്തിക്കാണുന്നില്ല. വരും വർഷങ്ങളിൽ അപാകം പരിഹരിക്കേണ്ടതാണ്.

1-3 വാർഷിക കണക്ക് പരിശോധന

കേരള ലളിതകലാ അക്കാദമിയുടെ 2024-25 വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 9(1) വകുപ്പ് പ്രകാരം സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 1.04.2026-നാണ് വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്.

2) അക്കാദമിക്ക് അക്കൗണ്ടിംഗ് റൂൾസ് നിലവിലില്ല. നിലവിൽ റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

3) സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നത് എന്നതിനാൽ അക്കാദമിയുടെ തൻവർഷത്തെ വരവ് ചെലവ് മാത്രമാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തുന്നത്. അക്കാദമിയുടെ കൈവശമുള്ള ആസ്തികളും, കടബാദ്ധ്യതകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

4) എസ്.ബി.ഐ അക്കൗണ്ട് നമ്പർ (0000041869816811) OD ലോൺ എടുക്കുന്നതിന് ഉള്ളതാണ്. എസ്.ബി.ഐ അക്കൗണ്ട് നമ്പർ (0000041869816811) നിന്ന് Over Draft ആയി ലോൺ എടുക്കുന്നുണ്ട്. ആയതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 97,43,000 രൂപ തൻ വർഷം ലോൺ എടുത്തിട്ടുണ്ട്. 1,03,19,453രൂപ മുൻ വർഷത്തെ ഉൾപ്പെടെ (17,51,667+ 85,67,786) തൻ വർഷം തിരിച്ചടവാക്കിയിട്ടുണ്ട്. ഈയിനത്തിലെ പലിശയായി 2,29,898 രൂപയും ബാങ്ക് ചാർജായി 649 രൂപയും 2024-25 സാമ്പത്തിക വർഷം അക്കാദമിയ്ക്ക് ചെലവായിട്ടുണ്ട്. ഇപ്രകാരം OD ലോണിനായി തുക ചെലവഴിക്കുന്നതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ- 18) മറുപടി ലഭ്യമാക്കിയില്ല.

5) ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തന്മൂലം ഓരോ ഗ്രാന്റിന്റെയും വിനിയോഗം, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

6) കംപ്യൂട്ടർ ജനറേറ്റ് ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധയ്ക്ക് ലഭ്യമാക്കിയത് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ- 18/18.05.2026)

1-4 നിർവ്വാഹകസമിതി യോഗം

ജി.ഒ.(എം.എസ്) നം.28/85/സി.ഡി. തീയതി 24.12.1985-ലെ നിയമാവലിയുടെ ഖണ്ഡിക 15 പ്രകാരം കേരള ലളിത കലാ അക്കാദമിയുടെ നിർവ്വാഹക സമിതി 2 മാസത്തിൽ ഒരിക്കൽ യോഗം കൂടേണ്ടതാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷം 29.04.24, 27.07.24, 16.10.24, 4.01.25, 17.02.25 എന്നീ തിയതികളിൽ ആകെ അഞ്ച് തവണ മാത്രമാണ് നിർവ്വാഹകസമിതി കൂടിയിട്ടുള്ളത്. നിയമാവലിയിൽ നിർദ്ദേശിച്ച രീതിയിൽ മീറ്റിങ്ങ്

നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ധനസഹായം

1. മെയിന്റനൻസ് ഗ്രാന്റ് (നോൺ പ്ലാൻ)

(എ) സാമ്പത്തിക വർഷം സർക്കാരിൽ നിന്നും നോൺ പ്ലാൻ ഇനത്തിൽ ലഭിച്ച 1,35,49,000 രൂപയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഉത്തരവ് നമ്പർ	തുക	അക്കൗണ്ടിൽ വരവ് വെച്ച തിയതി
1) സ. ഉ. (സാധാ) നം. 223/2024/ സി.എൽ.എ.ഡി. തിയതി. 27.04.2024	34,02,000	03.05.2024
2) സ. ഉ. (സാധാ) നം.420/2024/ സി.എൽ.എ.ഡി. തിയതി 31.07.2024	19,00,000	13.08.2024
3) സ. ഉ. (സാധാ) നം.563/2024/ സി.എൽ.എ.ഡി. തിയതി 28.09.2024	18,00,000	07.10.2024
4) സ. ഉ. (സാധാ)നം.634/2024/ സി.എൽ.എ.ഡി. തിയതി 30.10.2024	22,55,000	06.11.2024
5) സ. ഉ. (സാധാ)നം.693/2024/ സി.എൽ.എ.ഡി. തിയതി. 04.12.2024	15,00,000	12.12.2024
6) സ. ഉ. (സാധാ)നം.36/2025/ സി.എൽ.എ.ഡി. തിയതി 21.01.2025	13,92,000	31.01.2025
7) സ. ഉ. (സാധാ)നം.126/2025/ സി.എൽ.എ.ഡി. തിയതി 15.03.2025	13,00,000	30.03.2025
ആകെ	1,35,49,000	

ബി) 2024-25 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിനുള്ള അർഹത

തൻ വർഷം ഗ്രാന്റിനത്തിലെ ചെലവ്	2,25,90,943
കുറയ്ക്കുക 2024-25 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം അംഗീകരിക്കാത്ത തുക	0
പലവക വരവുകൾ	29,38,019.48
ആകെ ചെലവ്	1,96,52,923.52
തൻവർഷം ലഭിച്ച ഗ്രാന്റ്	1,35,49,000
കുറവ് ലഭിച്ച ഗ്രാന്റ്	61,03,923.52

2. പ്ലാൻ ഗ്രാന്റ്

സാമ്പത്തിക വർഷം പ്ലാൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 2,75,00,000 രൂപയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഉത്തരവ് നമ്പർ/ തിയതി	തുക	അക്കൗണ്ടിൽ വരവ് വെച്ച തിയതി
1) സ.ഉ.(സാധാ)നം.316/2024/ സി.എൽ.എ.ഡി. തിയതി. 15.06.2024	1,10,00,000	29.06.2024

2) സ.ഉ.(സാധാ)നം.504/2024/ സി.എൽ.എ.ഡി. തിയതി. 07.09.2024	55,00,000	13.09.2024
3) സ.ഉ.(സാധാ)നം.42/2025/ സി.എൽ.എ.ഡി തിയതി. 25.01.2025	1,10,00,000	05.02.2025
ആകെ	2,75,00,000	

3. എൻഡോവ്മെന്റുകൾ

എൻഡോവ്മെന്റുകൾ	നിക്ഷേപ വിവരം	2024-25 ൽ നൽകിയത്
1) സി.എൻ.ബാലഗോപാലൻ എൻഡോവ്മെന്റ്	എഫ്.ഡി.നമ്പർ 67127997865 തിയതി- 01.09.2020 (എസ്.ബി.ഐ) തുക – 45,935 renewed on 01.09.2020 (mature on 01.09.2025) 5 വർഷം @ 5.4%	നൽകിയിട്ടില്ല
2) വി. ശങ്കരമേനോൻ എൻഡോവ്മെന്റ്	എഫ്.ഡി.നമ്പർ 67127991636 (തിയതി. 05.11.2020) തുക – 40,707 (mature on 26.07.2025) 5 വർഷം @ 5.4%	. നൽകിയിട്ടില്ല
3) വിജയരാഘവൻ എൻഡോവ്മെന്റ്	എഫ്.ഡി.നമ്പർ 38405539713 Renewed on 20.4.2019 തുക – 1,00,017 (എസ്.ബി.ഐ) (mature on 10.04.2029) @6.5%	നൽകിയിട്ടില്ല
4) കെ. കരുണാകരൻ സ്കോളർഷിപ്പ്	എഫ്.ഡി.നമ്പർ 80011719006 തുക – 6,10,000 (തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്) Renewed on 04.11.2023 (mature on 4.11.2024)@ 7.25%	നൽകിയിട്ടില്ല
5) കെ. പി. കൃഷ്ണകുമാർ സ്റ്റുഡന്റ്സ് സ്കോളർഷിപ്പ്	എഫ്.ഡി.നമ്പർ 42516170237 തിയതി 12.12.2023 തുക – 5,40,004 (എസ്.ബി.ഐ, എൻ.ആർ. ഐ ബ്രാഞ്ച്) (mature on 26.03.2027) @ 7.10%	5,00,000
6) വിജയകുമാർ മേനോൻ എൻഡോവ്മെന്റ്	എഫ്.ഡി.നമ്പർ 0834101000004173 തിയതി – 26.12.2023 തുക-7,50,000 (mature on 29.01.2025) @ 6.5%	7,50,000
7) രാജാരവിവർമ്മ പുരസ്കാരം-2022	സർക്കാർ ധനസഹായം	3,00,000

സി. എൻ. ബാലഗോപാലൻ എൻഡോവ്മെന്റ്, തൃശ്ശൂർ ഫൈൻ ആർട്സ് കോളേജിൽ നിന്നും പെയിന്റിങ്ങ്, ശില്പകലാ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി ജയിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകി വരുന്നു.

വി. ശങ്കര മേനോൻ എൻഡോവ്മെന്റ് സ്റ്റേറ്റ് എക്സിബിഷനോടനുബന്ധിച്ച് ഭ്രഭാഗ/ഛായാ ചിത്ര വിഭാഗത്തിൽ

മികച്ച കലാസൃഷ്ടിയ്ക്ക് നൽകുന്നു. വിജയരാഘവൻ എൻഡോവ്മെന്റ് സ്റ്റേറ്റ് എക്സിബിഷന് ഏറ്റവും മികച്ച പ്രകൃതി ദൃശ്യം ചിത്രീകരിക്കുന്ന കലാവിദ്യാർത്ഥിയ്ക്ക് നൽകുന്നു.

കെ. കരുണാകരൻ സ്കോളർഷിപ്പ് - സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ അംഗീകൃത സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും ചിത്രകല/ശില്പകല/ഗ്രാഫിക്സ് എന്നീ വിഷയങ്ങളിൽ എം.എഫ്.എ., എം.വി.എ./ ബി.എഫ്.എ., ബി.വി.എ. കോഴ്സുകൾക്ക് പഠിക്കുന്ന കേരളീയരായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ചിത്രകലാലയങ്ങളിൽ പഠിക്കുന്നവരുടെ ലൈഫ് സ്റ്റഡിക്കുള്ള വാർഷിക അവാർഡ് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കെ. പി. കൃഷ്ണകുമാർ സ്റ്റുഡന്റ്സ് സ്കോളർഷിപ്പ് - ശില്പകലാ വിദ്യാർത്ഥികൾക്ക് (രണ്ട് പേർക്ക്) വാർഷിക സ്കോളർഷിപ്പ് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്

വിജയകുമാർ മേനോൻ എൻഡോവ്മെന്റ് - കലാ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളിൽ നിന്ന് ഒരാൾക്ക് വർഷം തോറും വിജയകുമാർ മേനോൻ ട്രസ്റ്റ് വർഷം തോറും നിയമിക്കുന്ന ജൂറി തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നു.

രാജാരവിവർമ്മ പുരസ്കാരം 2022 - ചിത്ര ശിൽപ കലാ രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകിയ കലാകാരൻമാരെ ആദരിക്കുവാൻ കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്.

4. സ്ഥിര നിക്ഷേപം

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം അക്കാദമിയ്ക്ക് 2024-25 സാമ്പത്തിക വർഷം ഉള്ള സ്ഥിര നിക്ഷേപത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	എഫ്.ഡി.ആർ. നമ്പർ/തിയതി	തുക	ബാങ്ക്	കാലാവധി, പലിശ നിരക്ക്	ഇന വിവരം
1	67127991636 തിയതി. 05.11.2020	34,609 (40,707 (പലിശ ഉൾപ്പെടെ)	(എസ്.ബി.ഐ.) റൗണ്ട് സൗത്ത്, തൃശ്ശൂർ	(mature on 26.07.2025) 5.4 %	വി. ശങ്കരമേനോൻ എൻഡോവ്മെന്റ്
2	67127997865 തിയതി. 01.09.2020	45,935	(എസ്.ബി.ഐ.) റൗണ്ട് സൗത്ത് തൃശ്ശൂർ	(mature on 01.9.2025)@ 5.4%	സി.എൻ. ബാലഗോപാലൻ എൻഡോവ്മെന്റ്
3	38405539713 തിയതി. 10.04.2019	1,00,017	(എസ്.ബി.ഐ.) റൗണ്ട് സൗത്ത് തൃശ്ശൂർ	(mature on 10.4.2029) @ 6.5%	വിജയരാഘവൻ എൻഡോവ്മെന്റ്
4	67146012311 തിയതി 30.03.2021	3,65,369	എസ്.ബി.ഐ റൗണ്ട് സൗത്ത് തൃശ്ശൂർ	mature on 30.03.2026@ 5.4%	എറണാകുളം ദർബാർ ഹാൾ ആർട്സ് സെന്റർബുക്ക്കൗണ്ടർ സെക്യൂരിറ്റി ഡെപ്പോസിറ്റ്
5	80011719006 തിയതി. 04.11.2023	6,10,000	തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്	(mature on 4.11.2024 @ 7.25%	കെ. കരുണാകരൻ സ്കോളർഷിപ്പ്
6	42516170237 തിയതി 12.12.2023	5,00,000 (5,40,004) പലിശ	എസ്.ബി.ഐ.എൻ.ആർ.ഐ ബ്രാഞ്ച്, തൃശ്ശൂർ	(mature on 26.03.2027) @ 6.25%	കെ.പി കൃഷ്ണകുമാർ സ്റ്റുഡന്റ്സ് സ്കോളർഷിപ്പ്

		ഉൾപ്പെടെ)			
7	0834101000004173 തിയതി 26.12.2023	7,50,000	എസ്.ഐ.ബി, ചെമ്പൂക്കാവ് ബ്രാഞ്ച്	(mature on 5.03.2026) @ 6.5%	വിജയകുമാർമേനോൻ എൻഡോവ്മെന്റ്
8	43530673213 തിയതി 13.11.2024	10,00,000	എസ്.ബി.ഐ.എൻ.ആർ.ഐ ബ്രാഞ്ച്, തൃശ്ശൂർ	(mature on 31.01.2026) @ 7.25%	എഫ്.ഡി
9	41797468409 തിയതി 31.03.2024	50,00,000	എസ്.ബി.ഐ.എൻ.ആർ.ഐ ബ്രാഞ്ച്, തൃശ്ശൂർ	(mature on 31.03.2025) @ 6.8%	എഫ്.ഡി
	Total	84,05,930			

2-2 ആർട്ട് ഗ്യാലറികളിൽ TR 5 രസീത് ഉപയോഗിച്ച് പണംപിരിവ് നടത്തി

സർക്കാർ ഖജനാവിലേക്ക് അടവാക്കേണ്ട തുകകൾ പിരിച്ചെടുക്കുന്നതിന് ഉപയോഗിക്കുന്ന രസീതുകളാണ് TR-5 രസീതുകൾ. ഈ രസീതികൾ വഴി പിരിച്ചെടുക്കുന്ന പണം ട്രഷറിയിൽ അടവാക്കേണ്ടതാണ്. 01.01.2020 മുതൽ സംസ്ഥാനത്ത് മാന്വൽ TR 5 നിർത്തലാക്കി eTR 5 നടപ്പിലാക്കിയിട്ടുണ്ട് (G.O(P)No.172/2019/Fin dated 19.12.2019) എന്നാൽ ലളിത കല അക്കാദമിയുടെ ആർട്ട് ഗ്യാലറികളിൽ തനതു വരുമാനമായി അക്കാദമിയുടെ ഫണ്ടിൽ അടവാക്കുന്ന സംഖ്യകൾ പിരിച്ചെടുക്കുന്നതിന് TR-5 രസീത് ഇപ്പോഴും ഉപയോഗിച്ച് വരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.9/14.05.2026) മറുപടി ലഭിച്ചിട്ടില്ല. സർക്കാർ ഉത്തരവ് G.O(P)No.96/2019/Fin Dated 26.07.2019 പ്രകാരം ബാക്കിയുള്ള പഴയ മാന്വൽ TR5 രസീതികൾ നശിപ്പിച്ച് എൻട്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിന് അടിയന്തര പരിഗണന നൽകേണ്ടതാണ്.

2-3 സ്റ്റോക്ക് ഭൗതിക പരിശോധന - രസീത് ബുക്ക് എണ്ണത്തിൽ കുറവ്

രസീത് ബുക്ക് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തിയതിൽ ലൈബ്രറി കൗൺസിൽ പുസ്തകമേളക്കു വേണ്ടി അച്ചടിച്ച 10 രസീത് ബുക്കുകളിൽ (രസീത് ബുക്ക് 1 മുതൽ 10 വരെ) ഒരെണ്ണം (രസീത് ബുക്ക് 1) കണ്ണൂർ ലൈബ്രറി കൗൺസിലിന് നൽകിയതായി രേഖയുണ്ട്. ബാലൻസ് 9 എണ്ണം സ്റ്റോക്ക് വേണ്ടതിൽ 19.05.2026 ൽ ഭൗതിക പരിശോധന നടത്തിയപ്പോൾ 8 രസീത് ബുക്കുകൾ മാത്രമേ ലഭ്യമായുള്ളൂ. ഒരു രസീത് ബുക്കിന്റെ (രസീത് ബുക്ക് 2) കുറവ് കണ്ടു. മേൽ അപാകത്തിന് മറുപടി ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.25/19.05.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2-4 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

അക്കാദമിയുടെ വിവിധ ഗാലറികളിൽ നിന്നുള്ള രസീതുകൾ, മെയിൻ ഓഫീസിലെ രസീതുകൾ അവയുടെ സ്റ്റോക്ക് രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ (R R രജിസ്റ്റർ) എന്നിവ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. അക്കാദമിയുടെ വിവിധ ഗാലറികളിൽ നിന്നുള്ള പണപ്പിരിവുകൾക്ക് TR.5 രസീത്ബുക്ക്, അക്കാദമി രസീത്ബുക്ക്, (ഈ രസീത് ബുക്കിൽ അക്കാദമിയുടെ എല്ലാ വരവുകളും രേഖപ്പെടുത്തുന്നു.) ഇതിനു പുറമെ ക്യാഷ് ആയി ലഭിക്കുന്നത് രേഖപ്പെടുത്താൻ ഒരു ക്യാഷ് ബിൽ ബുക്കും, ജി.എസ്.ടി. ഈടാക്കുന്ന വരവുകൾ രേഖപ്പെടുത്താൻ ഒരു ജി.എസ്.ടി. ബിൽ ബുക്കും ഉപയോഗിച്ച് വരുന്നുണ്ട്. അക്കാദമിയുടെ വരവുകൾ പിരിച്ചെടുക്കുന്നതിന് ഇത്തരത്തിലുള്ള വിവിധ തരം രസീതുകൾ ഉപയോഗിക്കുന്നതിനാൽ പല തരത്തിലുള്ള ക്രമക്കേടുകൾ സംഭവിക്കുവാനുള്ള സാധ്യതകൾ ഉണ്ട്. അതിനാൽ ഗാലറികളിൽ നിന്നുള്ള പണപ്പിരിവുകൾക്ക് ഒരു തരത്തിലുള്ള രസീത് ബുക്കുകൾ മാത്രം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. രസീത് സ്റ്റോക്ക്/വിതരണ രജിസ്റ്റർ സംബന്ധിച്ച അപാകതകൾ

എ) രസീത് സ്റ്റോക്ക്/വിതരണ രജിസ്റ്ററിൽ ഗ്യാലറികളിലേക്ക് നൽകുന്ന രസീത് ബുക്കുകൾ (TR.5 രസീത് ബുക്ക്, അക്കാദമി രസീത് ബുക്ക്, ക്യാഷ് ബിൽ ബുക്ക്, ജി.എസ്.ടി ബിൽ ബുക്ക്) കൈപ്പറ്റിയ ജീവനക്കാരന്റെ പേരോ, തസ്തികയോ രേഖപ്പെടുത്തുന്നില്ല. രസീതുകൾ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പ്, രസീതിന്റെ കൈപ്പറ്റ് വിവരം എന്നിവ സ്റ്റോക്ക്/വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ബി) രസീത് ബുക്കുകളുടെ സ്റ്റോക്ക്, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ ബിൽ നമ്പർ, തിയ്യതി, ബിൽ തുക, രസീത് ബുക്കുകളുടെ എണ്ണം എന്നീ വിവരങ്ങൾ രേഖപ്പെടുത്തി അധികാരപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നില്ല.
സി) അക്കാദമിയുടെ വിവിധ ഗാലറികളിൽ, അക്കാദമിയുടെ ഹെഡ് ഓഫീസിൽ നിന്നും ലഭിക്കുന്ന രസീതുബുക്കുകൾ, അവയുടെ ഉപയോഗവിവരം എന്നിവ രേഖപ്പെടുത്തി വെക്കുന്നതിന് ഒരു സബ്സ്റ്റോക്ക് രജിസ്റ്റർ ഉപയോഗിക്കേണ്ടതാണ്.
ഡി) സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ ബുക്ക് നം.158 ഇഷ്യൂ ചെയ്തിരിക്കുന്നത് കേരളീയം പരിപാടിക്കു വേണ്ടിയാണ്. എന്നാൽ ബിൽ ബുക്ക് നം.158 ആലപ്പുഴ ആർട്ട് ഗാലറിയിലാണ് ഉപയോഗിച്ച് വരുന്നത്.
ഇ) അനന്തവിലാസം കൊട്ടാരം ആർട്ട് ഗാലറിയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജി.എസ്.ടി ബിൽ ബുക്ക് നം.1 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
എഫ്) കിളിമാനൂർ ആർട്ട് ഗാലറിയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന TR-5 രസീത് ബുക്ക് നം.9577, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
ജി) കെ.ജി.എസ് കലാഗ്രാമത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന TR-5 രസീത് ബുക്ക് നം.9565, രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. കളക്ഷൻ രജിസ്റ്റർ (R R രജിസ്റ്റർ) സംബന്ധിച്ച അപാകതകൾ
എ) അക്കാദമിയുടെ ഗാലറികളുടെ വരവ് തുകകൾ TR-5 രസീത് /അക്കാദമി രശീതിബുക്ക് എന്നിവ പ്രകാരം പിരിച്ചെടുക്കുകയും കളക്ഷൻ (R R രജിസ്റ്റർ) രജിസ്റ്ററിൽ ചേർത്ത് വരുന്നുമുണ്ട്. എന്നാൽ രജിസ്റ്ററിൽ വരവിനങ്ങളുടെ മാസാന്ത്യ സംക്ഷിപ്തമോ വർഷാന്ത്യസംക്ഷിപ്തമോ എഴുതി സൂക്ഷിക്കുന്നില്ല. അധികാരപ്പെട്ടവർ ഇവയുടെ കൃത്യത പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

ബി) കിളിമാനൂർ ആർട്ട് ഗാലറിയിൽ 20.11.2025 മുതൽ 29.03.2026 വരെയുള്ള തിയ്യതികളിലെ വരവുകൾ, എല്ലാ വരവുകളും രേഖപ്പെടുത്തുന്ന രസീതുബുക്കിലും (TR5 രസിത് ബുക്ക് നം.9577) കളക്ഷൻ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ജി.എസ്.ടി. ബിൽ ബുക്കിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

4. രസീത് ബുക്ക് കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച അപാകതകൾ
എ) ക്യാൻസൽ ചെയ്ത രസീതികൾ മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.
ഉദാ :-

ക്രമ നം.	ഗാലറി	തിയ്യതി	ബുക്ക് നം.	ബിൽ നം.
1.	എറണാകുളം (DH)	ഇല്ല	185	9211
2.	എറണാകുളം (DH)	10.03.2026	205	10205
3.	മാനന്തവാടി	25.08.2024	4	318

ബില്ലുകൾ/രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം കാണിച്ച് അധികാരപ്പെട്ടവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ബി) TR-5 രസീത്/അക്കാദമി രസീത് ക്യാൻസൽ ചെയ്യുമ്പോൾ, അതേ രസീതിന്റെ ക്യാഷ് ബിൽ/ജി.എസ്.ടി ബിൽ ക്യാൻസൽ ചെയ്തതായി കാണുന്നില്ല.
ഉദാ :- 1). കായംകുളം ആർട്ട് ഗാലറിയിൽ 29.07.2025 ന് ക്യാൻസൽ ചെയ്ത രസീത് നം.1472 (Rs 25--രസീത് ബുക്ക് നം.15) അതിന്റെ ക്യാഷ് ബിൽ (188/9356) ക്യാൻസൽ ചെയ്തതായി കാണുന്നില്ല. 2). കായംകുളം ആർട്ട് ഗാലറിയിൽ 26.09.2025 ന് ക്യാൻസൽ ചെയ്ത രസീത് നം.2621 (Rs 500--രസീത് ബുക്ക് നം.--) അതിന്റെ ക്യാഷ് ബിൽ (195/9701) ക്യാൻസൽ ചെയ്തതായി കാണുന്നില്ല.
സി) രസീതിന്റെ പകർപ്പ് നൽകുന്നില്ല. പകരം അസ്സലും, പകർപ്പും ഓഫീസിൽ സൂക്ഷിച്ചു വരുന്നു.
ഡി) രസീതുകളിൽ ഇരുവശം പതിയുന്ന കാർബൺ ഉപയോഗിക്കുന്നില്ല. കാഞ്ഞങ്ങാട് ആർട്ട് ഗാലറിയിൽ

രസീതുകൾ എഴുതുമ്പോൾ കാർബൺ ഉപയോഗിക്കുന്നില്ല .

ഇ) കോഴിക്കോട് ആർട്ട് ഗാലറിയിൽ രസീത് ബുക്കിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്ന രസീതിലെ തിയ്യതികൾ ഓർഡറിൽ അല്ല.

എഫ്) മെയിൻ ഓഫീസിലും വിവിധ ഗാലറികളിലും ഉപയോഗിക്കാൻ ബാക്കിയുള്ള TR-5 രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട താണ്.

5) താഴെ സൂചിപ്പിച്ചിരിക്കുന്ന വരവുകൾ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നതായി കാണുന്നില്ല.

ഉദാ :-

ക്രമ നമ്പർ	ആർട്ട് ഗ്യാലറി	രസീതി ബുക്ക് നമ്പർ	രസീതി നമ്പർ	തീയതി	തുക
1.	കോട്ടയം	6	587	04.05.2025	204
2.	കോട്ടയം	22	2169	19.09.2025	5400
3.	എറണാകുളം (DH)	18	1718	15.07.2025	623
4.	എറണാകുളം (DH)	18	1759	19.09.2025	200
5.	മലപ്പുറം	20	2212	04.10.2025	2,360
6.	തിരുവനന്തപുരം	30	2909	17.03.2026	163
7.	തലശ്ശേരി	TR 5 -05225	522471	21.09.2025	565
8.	കിളിമാനൂർ	GST Bill	KLM072	03.02.2026	708
9.	കിളിമാനൂർ	TR5 -9577	957695	02.09.2025	1,200
10.	കോഴിക്കോട്	31	3007	25.03.2026	7,000
11.	തൃശ്ശൂർ	17	1642	16.05.2025	20,000
12.	തൃശ്ശൂർ	17	1643	16.05.2025	19,250
13.	തൃശ്ശൂർ	17	1648	22.05.2025	965
14	തൃശ്ശൂർ	17	1666	22.05.2025	14,000

6) കോഴിക്കോട് ആർട്ട് ഗാലറിയിൽ 22.12.2025 തിയ്യതിയിലെ 1387 രസീത് (രസീത് ബുക്ക് നം.14), കളക്ഷൻ രജിസ്റ്റർ എന്നിവ പ്രകാരം 15,240 രൂപ (ഗാലറി വാടക 12,000+GST3,240) വരവ് വന്നതായി കാണുന്നു. 22.12.2025-ലെ GST Bill no. KZH214 പ്രകാരവും ഇതേ തുക തന്നെയാണ് രസീതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 12,000 ത്തിന്റെ 18% 2,160 രൂപ ആണ്. 1,080 രൂപ കൂടുതൽ ഈടാക്കിയിരിക്കുന്നു.

7) ആർട്ട് ഗാലറികൾ വാടകക്ക് എടുക്കുന്നവരിൽ നിന്നും രണ്ടു ദിവസത്തെ വാടക ഡെപ്പോസിറ്റ് ആയി ഈടാക്കുന്നുണ്ട്. ഈ ഡെപ്പോസിറ്റ് തുക എവിടേയും വരവായി രേഖപ്പെടുത്തുന്നില്ല. തിരിച്ചുകൊടുക്കുന്നതിന്റെ രേഖകളും ലഭ്യമല്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (എൻകുയറി നം. 21/19.05.2026) മറുപടി ലഭ്യമായില്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ദർബാർ ഹാൾ കലാകേന്ദ്ര – കഫെറ്റേറിയ - വാടകക്ക് നൽകിയതിലെ അപാകതകൾ

ഫയൽ നം. KLKD/1624/22

2022 ഒക്ടോബർ 19ലെ നിർവാഹകസമിതിയുടെ 19-ാം തീരുമാനപ്രകാരം എറണാകുളം ദർബാർ ഹാൾ കലാകേന്ദ്രത്തിൽ ഒരു കഫെറ്റേറിയ പുറമെയുള്ള ഏജൻസിയെ വച്ച് നടത്തുന്നതിനും അതിനായി 1000 സ്ക്വയർഫീറ്റ് സ്ഥലം മാത്രം വാടകക്ക് നൽകുന്നതിനും തീരുമാനിച്ചു.

ആയതിനായി 21.10.2022 ൽ ക്വട്ടേഷൻ ക്ഷണിച്ചു. മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചതിൽ ഏറ്റവും കൂടുതൽ (5,000 രൂപ പ്രതിമാസ വാടക, കറന്റ്, വെള്ളം എന്നിവ യൂണിറ്റ് നിരക്കിലോ, ഫിക്സഡ് നിരക്കിലോ, വാടകയിൽ 15% വാർഷികവർദ്ധനവ്) ക്വാട്ട് ചെയ്ത നിസാബുദീൻ എന്ന വ്യക്തിയുടെ ക്വട്ടേഷൻ സ്വീകരിച്ചു.

KLKD/1624/22/19.11.2022 നം. കത്ത് പ്രകാരം പ്രസ്തുത സ്ഥലത്തിന്റെ വാടകക്കരാർ പ്രാഥമികമായി ആറ് മാസത്തേക്കും പിന്നീട് പ്രവർത്തനം വിലയിരുത്തി വാടക, വെള്ളം, കറന്റ് എന്നിവക്ക് ഈടാക്കേണ്ട തുക പുനർനിശ്ചയിച്ച് കരാർ പുതുക്കുന്നതാണ് എന്നും അതുവരെ വാടക, വെള്ളം, കറന്റ് എന്നിവക്ക് പ്രതിമാസം 7,000 രൂപ അക്കാദമിയിൽ അടവാക്കണമെന്നും നിരതദ്രവ്യം ഒരു ലക്ഷം രൂപ അടവാക്കണമെന്നും ടിയാനെ അറിയിച്ചു. കഫെറ്റേറിയ നിർമ്മാണത്തിന് നാലരലക്ഷം രൂപ ചെലവഴിച്ചതായി 19.11.2022 ന് കരാറുകാരൻ അക്കാദമിയെ അറിയിച്ചു.

19.11.2022-ലെ KLKD/1624/22 നമ്പർ കത്ത് പ്രകാരം അക്കാദമി സ്ഥലം മാത്രമാണ് നൽകുന്നതെന്നും നിർമ്മാണപ്രവൃത്തിക്ക് നാലരലക്ഷം രൂപ നിക്ഷേപിച്ചതിൽ സാധനസാമഗ്രികളുടെ മൂല്യം നിരതദ്രവ്യമായി കണക്കാക്കുന്നതാണെന്നും കരാർ വക്കുന്നതിനും അക്കാദമി കരാറുകാരനോട് നിർദ്ദേശിച്ചു. തുടർന്ന് 03.12.2022 ന് കരാർ വച്ചു. ഇതിൽ അക്കാദമിയുടെ കെട്ടിടത്തിന് യാതൊരു മാറ്റങ്ങളും വരുത്തുവാൻ പാടില്ല എന്നും എല്ലാമാസവും 10-ാം തീയതിക്കുമുമ്പ് വാടക അടവാക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രവർത്തനം വിലയിരുത്തിയ ശേഷം വാടക പുനർനിശ്ചയിക്കുന്നതാണ് എന്നും കരാറിൽ ചേർത്തിട്ടുണ്ട്.

The Curated Cafe എന്ന പേരിൽ കഫെ ആരംഭിച്ചെങ്കിലും കരാറുകാരൻ വാടക കൃത്യമായി അടവാക്കിയിട്ടില്ല.

03.12.2022 മുതൽ 03.06.2023 വരെയുള്ള കുടിശ്ശിക ആയ 42,000 രൂപയിൽ അക്കാദമിയുടെ പരിപാടിയിൽ ഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ ടിയാന് നൽകുവാൻ ഉണ്ടായിരുന്ന 26,271 രൂപ ക്രമീകരിക്കുകയും 15,729 രൂപ അടവാക്കുകയും ചെയ്തു.

ഇപ്രകാരം വാടക കുടിശ്ശിക വരുത്തിയ കരാറുകാരന് അത്യാവശ്യവർക്കുകൾക്ക് ചെലവ് വന്നിട്ടുള്ളതിനാൽ നിരതദ്രവ്യം അടവാക്കേണ്ടതില്ല എന്ന വ്യവസ്ഥയിന്മേൽ 27.06.2023 ന് കരാർ പതിനൊന്ന് മാസത്തേക്ക് പുതുക്കി നൽകി. തുടർന്നും ടിയാൻ വാടക അടവാക്കിയില്ല എങ്കിലും 01.06.2024 മുതൽ പതിനൊന്ന് മാസത്തേക്ക് കരാർ പുതുക്കി. തുടർന്ന് കുറേ നാൾ പ്രവർത്തനം നിർത്തിവക്കുകയും 2024 നവംബർ മാസം പ്രവർത്തനം ആരംഭിച്ചു.

എറണാകുളം ശിവക്ഷേത്രത്തിന് സമീപം മാംസാഹാരം വിൽക്കുന്നു എന്ന പൊതുജനങ്ങളുടെ പരാതി ദേവസ്വം അധികൃതർക്കും മന്ത്രിമാർക്കും കളക്ടർക്കും നൽകിയതിനെ തുടർന്ന് കഫേ നിർത്തിവച്ചു.

മഴ പെയ്ത് സ്ഥാപനത്തിൽ വെള്ളം കയറിയപ്പോൾ കഫെയുടെ മുൻഭാഗം കല്ല് കെട്ടി മണ്ണിട്ട് ഉയർത്തിയതിന് ശ്രീ. വി. എസ്. അരുൺകുമാർ എന്ന വ്യക്തിക്ക് അക്കാദമി 30,000 രൂപ 23.09.2023 നും 47,000 രൂപ 29.11.2023 നും നൽകിയിട്ടുണ്ട്. എന്നാൽ അടുക്കള നിർമ്മാണത്തിനും, ഗാർഡൻ സെറ്റിംഗ് പോലുള്ള പ്രവൃത്തികൾക്കും വെള്ളം കയറിയതിനുശേഷം കഫെയിലെ അറ്റകുറ്റപ്പണികൾക്കും 16,35,000 രൂപ ചെലവഴിച്ചിട്ടുള്ളതാണെന്നും വാടക ഇനത്തിൽ 1,54,000 രൂപ നഷ്ടം സംഭവിച്ചതായും കഫെ പ്രവർത്തിക്കാത്തതിനാൽ പ്രതിദിനം 30,000 രൂപ നഷ്ടം ഉള്ളതായും കരാറുകാരൻ അക്കാദമിയെ അറിയിച്ചു. 1,54,000 രൂപ തിരികെ നൽകണമെന്നും 16,35,000 രൂപ മുൻകൂറായി കണക്കാക്കി അഞ്ച് വർഷത്തേക്ക് സ്ഥലം വാടക ഇല്ലാതെ കഫെ നടത്തുന്നതിന് അനുവദിക്കണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്.

വാടക ഇനത്തിൽ കരാറുകാരൻ 1,54,000 രൂപ മാത്രമാണ്(ഭക്ഷണചെലവിൽ ക്രമീകരിച്ച തുകയുൾപ്പെടെ) അടവാക്കിയിട്ടുള്ളത്.

അപാകതകൾ

ക്വട്ടേഷൻ സ്വീകരിച്ചത് നിർവാഹകസമിതി അംഗീകരിച്ചതായി കാണുന്നില്ല.

കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ മൂല്യം എപ്രകാരമാണ് നിരതദ്രവ്യത്തിന് പകരമാകുന്നത് എന്ന് വ്യക്തമല്ല. ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം കരാറുകാരൻ തുക ചെലവഴിച്ചതിനാൽ ആയത് നിരതദ്രവ്യത്തിന് പകരമായി കണക്കാക്കിയത് എന്ന് വ്യക്തമാക്കേണ്ടതാണ്.

ക്വട്ടേഷനിൽ ചേർത്തിട്ടുള്ള 15% വാർഷികവർദ്ധനവ് എന്ന വ്യവസ്ഥയിൻമേൽ അക്കാദമി ചർച്ച നടത്തുകയോ ഇക്കാര്യം കരാറിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.
ഫയലിലെ തീരുമാനങ്ങൾക്ക് ഒന്നും തന്നെ നിർവാഹകസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

കരാറിൽ ഏർപ്പെട്ട കാലം മുതൽ നാളിതുവരെ ടിയാന്റെ വാടക കുടിശ്ശിക എത്രയാണ്, ആയത് രേഖാമൂലം ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/13.05.2026) മറുപടി ലഭ്യമാക്കിയില്ല.
എറണാകുളം നഗരത്തിൽ ഇത്ര കുറവ് വാടകക്ക് സ്ഥലം നൽകിയിട്ടും വാടകക്കാരനിൽ നിന്നും വാടക പൂർണ്ണമായും ഈടാക്കാനാകാത്തത് പരിശോധിക്കേണ്ടതാണ്. ടിയാനുമായുള്ള കരാർ പുനപരിശോധനക്ക് വിധേയമാക്കേണ്ടതും വാടക പുനർനിർണ്ണയിച്ച് അക്കാദമിയുടെ സാമ്പത്തികതാൽപര്യം സംരക്ഷിക്കുന്ന രീതിയിൽ കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3-2 എൻ.പി.എസ്. വിഹിതം അടവാക്കുന്നതിൽ കാലതാമസം

ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം അടവാക്കുന്നതിൽ കാലതാമസം ഉണ്ട്. ശമ്പളം നൽകി മാസങ്ങൾക്കുശേഷമാണ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് റിക്കവർ ചെയ്യുന്ന എൻ.പി.എസ് വിഹിതം അടവാക്കിയിട്ടുള്ളത്.

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നമ്പർ	ചെക്ക് നമ്പർ	തുക	റിക്കവർ ചെയ്ത മാസം
13/10-24/07.10.2024	295508	57,620	04/2024
14/10-24/07.10.2024	295509	57,774	05/2024
15/10-24/07.10.2024	295510	57,774	06/2024
16/10-24/07.10.2024	295511	57,926	07/2024
17/10-24/07.10.2024	295512	58,122	08/2024
18/10-24/07.10.2024	295513	58,318	09/2024

ഇപ്രകാരം എൻ.പി.എസ്. വിഹിതം അടവാക്കുന്നതിൽ കാലതാമസം വരുത്തിയതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/18.05.2026) മറുപടി ലഭ്യമാക്കിയില്ല.
എൻ.പി.എസ്. വിഹിതം കൃത്യസമയത്ത് തന്നെ അടവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-3 സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്ലാൻ ഫണ്ടിൽ നിന്ന് വേതനം നൽകി

സർക്കാർ ഉത്തരവ് (സാധാ)നം. 269/24/സി.എൽ.എ.ഡി തീയതി 30.05.2024 പ്രകാരം അക്കാദമിയുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ജീവനക്കാരുടെ വേതനം ഉൾപ്പെടുന്നില്ല. എന്നാൽ ടി ഉത്തരവിന് വിരുദ്ധമായി പ്ലാൻ ഫണ്ടിൽനിന്ന് വേതനം നൽകിയിട്ടുണ്ട്.

താൽക്കാലിക ജീവനക്കാർക്ക് പ്ലാൻ ഫണ്ടിൽ നിന്ന് വേതനം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

വൗച്ചർ നമ്പർ	ചെക്ക് നമ്പർ	തുക
5/4-24/01.04.2024	015940	1,30,490

6/4-24/01.04.2024	0700867	7,16,643
23/6-24/11.06.2024	749277	12,905
8/7-24/01.07.2024	0700879	6,84,641
9/ 7-24/01.07.2024	0700879	6,84,641
01/8-24/01.08.2024	0700900	6,64,160
20/8-24/17.08.2024	749297	37,084 (ഇതിൽ 16,023 രൂപ മാത്രമാണ് വേതനം)
4/9-24/02.09.2024	749314	5,01,555
5/9-24/02.09.2024	749315	1,10,321
14/9-24/12.09.2024	739319	1,79,438
15/9-24/12.09.2024	749320	30,515
1/10-24/01.10.2024	268330	7,59,383
2/10-24/01.10.2024	268331	15,010
6/11-24/06.11.2024	807355	6,34,101
7/11-24/06.11.2024	807356	1,75,063
25/12-24/04.12.2024	807373	3,46,558
26/12-24/04.12.2024	807374	88,455
34/12-24/16.12.2024	807377	2,94,909
35/12-24/16.12.2024	807378	75,736
21/1-25/01.01.2025	807386	78,139
22/1-25/01.01.2025	807387	3,16,915
51/1-25/16.01.2025	164681	3,11,673
52/1-25/16.01.2025	164682	87,193
3/2-25/04.02.2025	295546	3,46,418
7/2-25/04.02.2025	164688	3,19,280
8/2-25/04.02.2025	164689	1,46,013
01/3-25/05.03.2025	268355	7,48,351
06/6-24 /03.06.2024	749266	1,40,025
07/06-24/03.06.2024	749267	5,99,128
08/06-24/03.06.2024	749268	1,23,510

പ്ലാൻ ഫണ്ടിൽ നിന്ന് ജീവനക്കാർക്ക് വേതനം നൽകിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/14.05.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്ലാൻ ഫണ്ടിൽ നിന്ന് വേതനം നൽകുന്നതിനായി സർക്കാരിൽ നിന്ന് പ്രത്യേകാനുമതി ലഭ്യമാക്കുകയോ പ്ലാൻ പ്രൊപ്പോസലിൽ ഇതിനായുള്ള വിഹിതം ഉൾപ്പെടുത്തി അംഗീകാരം നേടുകയോ ചെയ്യേണ്ടതാണ്.

3-4 സേവനപുസ്തക പരിശോധന-- കണ്ടെത്തിയ അപാകതകൾ

ഓഡിറ്റിന് ലഭ്യമാക്കിയ അക്കാദമിയിലെ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരന്റെ പേര്	അപാകങ്ങൾ
ഷൈജ ടി. എൻ., സ്വീപ്പർ കം ഗാർഡനർ	ഫോട്ടോ, ജനനത്തീയതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 28.09.2021 ൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരിയുടെ നിരീക്ഷണകാലം ആരംഭിക്കുന്നതിനുള്ള ഉത്തരവിൽ (KLKC/1028/2021/04.05.2022) 28.09.2019 മുതൽ കണക്കാക്കുവാൻ ഉത്തരവായിരിക്കുന്നു. (സേവനപുസ്തകം

	പേജ് 19) ഇത് സേവനപുസ്തകത്തിൽ ചേർത്തിട്ടില്ല. പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് (KLKC/1028/2021/01.11.2022) സേവനപുസ്തകത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 27.09.2022 ന് പ്രൊബേഷൻ പൂർത്തീകരിച്ച ജീവനക്കാരിക്ക് 01.09.2022 മുതൽ (സേവനപുസ്തകം പേജ് 20, 22) ഇൻക്രിമെന്റ് നൽകിയിട്ടുണ്ട്. സേവനപുസ്തകം പേജ് 22 പ്രകാരം 17.11.2021 മുതൽ 23,000 - 50,200 സ്കെയിലിൽ 23,000 രൂപ അടിസ്ഥാനശമ്പളം നിർണ്ണയിച്ചിട്ടുണ്ട്. 28.09.2021 ന് ജോലിയിൽ പ്രവേശിച്ചയാൾക്ക് 17.11.2021 മുതൽ ശമ്പളം നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമല്ല. സർക്കാർ ഉത്തരവ് (പി) നം.169/2019/Fin/13.12.2019 പ്രകാരമുള്ള സമ്മതപത്രം സേവനപുസ്തകത്തിൽ ഇല്ല. സേവനപുസ്തകത്തിന്റെ വാർഷികപരിശോധന നടത്തുന്നില്ല. ആർജ്ജിതാവധി അക്കൗണ്ട് ക്രമപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഷിജിത്ത് പി, കെയർടേക്കർ	16.12.2018 ന് പ്രൊബേഷൻ ഡിക്ലയർ ചെയ്ത (സേവനപുസ്തകം പേജ് 17) വ്യക്തിക്ക് 16.12.2018 ന് പകരം 01.12.2018 ന് ഇൻക്രിമെന്റ് നൽകിയിരിക്കുന്നു. സേവനപുസ്തകം പേജ് 21 ലെ ശമ്പളനിർണ്ണയപത്രികയിൽ 01.12.2024 ലെ അടിസ്ഥാനശമ്പളം 34,700, 35,600 എന്നിങ്ങനെ രണ്ട് രീതിയിൽ ചേർത്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (പി) നം.169/2019/Fin /13.12.2019 പ്രകാരമുള്ള സമ്മതപത്രം സേവനപുസ്തകത്തിൽ ഇല്ല. സേവനപുസ്തകത്തിന്റെ വാർഷികപരിശോധന നടത്തുന്നില്ല. ആർജ്ജിതാവധി അക്കൗണ്ട് ക്രമപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
വി. മാടസാമി, അറ്റൻഡർ	25.02.2012-ന് ആദ്യ ഇൻക്രിമെന്റ് നൽകിയതായി കാണുന്നു. എന്നാൽ ടിയാൻ ജോയിൻ ചെയ്ത തീയതി, ശമ്പളം, ശമ്പളസ്കെയിൽ, തസ്തിക എന്നിവ സേവനപുസ്തകത്തിൽ ചേർത്തിട്ടില്ല. ജനനതീയതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) നം.169/2019/Fin/13.12.2019 പ്രകാരമുള്ള സമ്മതപത്രം സേവനപുസ്തകത്തിൽ ഇല്ല. സേവനപുസ്തകത്തിന്റെ വാർഷികപരിശോധന നടത്തുന്നില്ല. ആർജ്ജിതാവധി അക്കൗണ്ട് ക്രമപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ബിന്ദുമോൾ കെ. എസ്, അക്കൗണ്ടന്റ്	01.04.2026-ലെ വാർഷിക ഇൻക്രിമെന്റ് നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) നം.169/2019/Fin/13.12.2019 പ്രകാരമുള്ള സമ്മതപത്രം സേവനപുസ്തകത്തിൽ ഇല്ല. സേവനപുസ്തകത്തിന്റെ വാർഷികപരിശോധന നടത്തുന്നില്ല. ആർജ്ജിതാവധി അക്കൗണ്ട് ക്രമപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മനോജ്കുമാർ കെ, പ്യൂൺ	2019-ലെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട ശമ്പളനിർണ്ണയത്തിന് 01.08.2018 ലെ

	അടിസ്ഥാനശമ്പളമായ (സേവനപുസ്തകം പേജ് 18) 18,500 കണക്കിലെടുത്ത് 01.07.2019 ന് 25,800 രൂപയായി നിർണ്ണയിച്ച് 01.08.2019-ന് ഇൻക്രിമെന്റ് നൽകുന്നതിന് പകരം 01.08.2019 ന് 26,500 രൂപയായി ശമ്പളനിർണ്ണയം നടത്തിയിട്ടുണ്ട്. (സേവനപുസ്തകം പേജ് 22). തുടർന്നുള്ള ഇൻക്രിമെന്റുകൾ പരിശോധിച്ച് കൃത്യതപ്പെടുത്തേണ്ടതാണ്. സർക്കാർ ഉത്തരവ് (പി) നം.169/2019/Fin /13.12.2019 പ്രകാരമുള്ള സമ്മതപത്രം സേവനപുസ്തകത്തിൽ ഇല്ല. സേവനപുസ്തകത്തിന്റെ വാർഷികപരിശോധന നടത്തുന്നില്ല. ആർജ്ജിതാവധി അക്കൗണ്ട് ക്രമപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
വിജയശ്രീ. പി. ബി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതി ചേർത്തിട്ടില്ല. സർക്കാർ ഉത്തരവ് (പി)നം.169/2019/Fin/13.12.2019 പ്രകാരമുള്ള സമ്മതപത്രം സേവനപുസ്തകത്തിൽ ഇല്ല. സേവനപുസ്തകത്തിന്റെ വാർഷികപരിശോധന നടത്തുന്നില്ല. ആർജ്ജിതാവധി അക്കൗണ്ട് ക്രമപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ബാബുമോൻ കെ. കെ., എക്സിബിഷൻ ഓഫീസർ	15 വർഷത്തെ സമയബന്ധിതഹയർഗ്രേഡിന്റെ ഓപ്ഷൻ ഫോം, ഫിക്സേഷൻ പത്രിക എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) നം.169/2019/Fin /13.12.2019 പ്രകാരമുള്ള സമ്മതപത്രം സേവനപുസ്തകത്തിൽ ഇല്ല. സേവനപുസ്തകത്തിന്റെ വാർഷികപരിശോധന നടത്തുന്നില്ല. ആർജ്ജിതാവധി അക്കൗണ്ട് ക്രമപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
അജികുമാർ ആർ., കെയർടേക്കർ	ഫോട്ടോ, ജനനത്തീയതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സേവനത്തിൽ പ്രവേശിച്ച തിയ്യതി 17.11.2021, അടിസ്ഥാന ശമ്പളം – 19,000 രൂപ തുടർന്ന് വാർഷികഇൻക്രിമെന്റുകൾ നൽകിയിട്ടില്ല. 17.11.2022-ന് പുതുക്കിയ ശമ്പള നിരക്കിൽ വാർഷിക ഇൻക്രിമെന്റ് നൽകി അടിസ്ഥാന ശമ്പളം 27,200 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. (സേവനപുസ്തകം പേജ് 15, 16). 01.11.2022 ന് അർഹതയുള്ള വാർഷിക ഇൻക്രിമെന്റ് 17.11.2022 നാണ് അനുവദിച്ചിട്ടുള്ളത്. പ്രൊബേഷൻ 17.11.2023 പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ സേവനപുസ്തകത്തിൽ (പേജ് 16) ആയത് ചേർത്തിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) നം.169/2019/Fin/13.12.2019 പ്രകാരമുള്ള സമ്മതപത്രം സേവനപുസ്തകത്തിൽ ഇല്ല. സേവനപുസ്തകത്തിന്റെ വാർഷികപരിശോധന നടത്തുന്നില്ല. ആർജ്ജിതാവധി അക്കൗണ്ട് ക്രമപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജീവനക്കാരന്റെ പേര്	അപാകതകൾ

രാജീവ് കെ. ജി., ഡ്രൈവർ	ജോയിൻ ചെയ്ത തീയതി, ശമ്പളം, ശമ്പളനിരക്ക് എന്നിവ ചേർത്തിട്ടില്ല. വിദ്യാഭ്യാസ യോഗ്യത ചേർത്തിട്ടില്ല. 10.08.2011-ന് ആദ്യത്തെ ഇൻക്രിമെന്റ് നൽകിയിട്ടുണ്ട്. 01.08.2011-ന് ഇൻക്രിമെന്റ് നൽകാത്തതിന് കാരണം വ്യക്തമല്ല. 01.08.2025 ന് വാർഷിക ഇൻക്രിമെന്റ് നൽകിയതായി കാണുന്നില്ല. KLKD/88/2012/27.08.2025 പ്രകാരം 10.08.2025-നാണ് 43,400 രൂപ ശമ്പളം നിർണ്ണയിച്ചത്. എന്നാൽ 01.08.2025 മുതൽ ഈ ശമ്പളം നൽകിയിട്ടുണ്ട്. 2014 ലെ ഫോം ഓഫ് അണ്ടർടേക്കിംഗ്, സർക്കാർ ഉത്തരവ് (പി) നം. 169/2019/ഫിൻ തീ.13.12.2019 പ്രകാരമുള്ള സമ്മതപത്രം ഇല്ല. വാർഷികപരിശോധന നടത്തിയിട്ടില്ല. ആർജ്ജിതാവധി ക്രമീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല
എ. പി. മണികണ്ഠൻ, പ്യൂൺ	നിയമനം ക്രമീകരിച്ചത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സേവനപുസ്തകം പേജ് 23 ൽ 28,700 രൂപ ശമ്പളം അനുവദിച്ചത് ഏത് തീയതി മുതലാണെന്ന് ചേർത്തിട്ടില്ല. തസ്തിക ചേർത്തിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) നം. 169/2019/ഫിൻ തീ.13.12.2019 പ്രകാരമുള്ള സമ്മതപത്രം ഇല്ല. വാർഷികപരിശോധന നടത്തിയിട്ടില്ല. ആർജ്ജിതാവധി ക്രമീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല
എം. വി. മുരളി, വാച്ച്മാൻ	സർക്കാർ ഉത്തരവ് (പി) നം. 169/2019/ഫിൻ തീ.13.12.2019 പ്രകാരമുള്ള സമ്മതപത്രം ഇല്ല. വാർഷികപരിശോധന നടത്തിയിട്ടില്ല. ആർജ്ജിതാവധി ക്രമീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഷിബിൻ ജോർജ്ജ് കെ. ടി., നൈറ്റ് വാച്ച്മാൻ	2019 ശമ്പള പരിഷ്കരണം സാക്ഷ്യപ്പെടുത്തിയിട്ടില്ല. 01.05.2025-ലെ ഇൻക്രിമെന്റ് നൽകിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) നം. 169/2019/ഫിൻ തീ.13.12.2019 പ്രകാരമുള്ള സമ്മതപത്രം ഇല്ല. വാർഷികപരിശോധന നടത്തിയിട്ടില്ല. ആർജ്ജിതാവധി ക്രമീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഗോകുൽദാസ് കെ. കെ., അറ്റൻഡർ	ജോയിൻ ചെയ്ത തീയതി, ശമ്പളം, ശമ്പളനിരക്ക് എന്നിവ ചേർത്തിട്ടില്ല. ടിയാന് 10.08.2025 മുതൽ രണ്ടാം സമയബന്ധിത ഹയർഗ്രേഡ് നൽകി 40,300 രൂപ ശമ്പളം നിർണ്ണയിച്ചിട്ടുണ്ട്. ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് (പി) നം. 169/2019/ഫിൻ തീ.13.12.2019 പ്രകാരമുള്ള സമ്മതപത്രം ഇല്ല. വാർഷികപരിശോധന നടത്തിയിട്ടില്ല. ആർജ്ജിതാവധി ക്രമീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജീവനക്കാർക്ക് ശമ്പളപരിഷ്കരണത്തിന്റെ കുടിശ്ശിക, ഇൻക്രിമെന്റ് കുടിശ്ശിക എന്നിവ നൽകുന്നത് പേബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.11/15.05.2026, 15/16.05.2026, 13/15.05.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

സേവനപുസ്തകങ്ങളിലെ അപാകതകൾ പരിഹരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഓരോ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയങ്ങൾക്ക് ഓഡിറ്റിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

3-5 അക്കാദമി വെബ്സൈറ്റ് നവീകരണം – വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഫയൽ നം.-- J/1564/21

വൗച്ചർ നം. 19/2-25/10.02.2025 പ്രകാരം 3,12,040 രൂപ (ചെക്ക് നം. 268341/10.02.2025) Yellowfish Digital Innovations Pvt Ltd, കാക്കനാട് എന്ന സ്ഥാപനത്തിന് അക്കാദമിയുടെ വെബ്സൈറ്റ് നവീകരിക്കുന്നതിന് നൽകിയിട്ടുണ്ട്. 01.09.2022 ലെ നാലാമത്തെ ഇൻവോയ്സ് പ്രകാരം ജിഎസ് ടി ഉൾപ്പെടെ 3,17,420 രൂപയുടെ ബിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ നിന്ന് 5,380 രൂപ കിഴിവ് ചെയ്ത് (ടി.ഡി.എസ് ചെയ്തത്) ആണ് 3,12,040 രൂപയാണ് നൽകിയിട്ടുള്ളത്.

അക്കാദമിയുടെ വെബ്സൈറ്റ് നവീകരിച്ച് സേവനങ്ങൾ ഓൺലൈൻ വഴി നടപ്പാക്കുന്നതിന് സി-ഡിറ്റിൽ നിന്ന് പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് 2021 ജൂലൈ 13-ലെ നിർവാഹകസമിതി 11-ാം നമ്പർ പ്രകാരം തീരുമാനിച്ചു. സി-ഡിറ്റ് 18,93,160 രൂപയുടെ പ്രപ്പോസൽ ലഭ്യമാക്കിയിരുന്നു. ആറ് മാസത്തെ സൗജന്യ സപ്പോർട്ടും പ്രോജക്ട് തുകയുടെ 10% തുകക്ക് എ എം സിയും സി-ഡിറ്റ് ഓഫർ ചെയ്തിരുന്നു. എന്നാൽ അക്കാദമിയുടെ സാമ്പത്തികസ്ഥിതിയും കാഴ്ചപ്പാടുകളുമായി യോജിക്കുന്നില്ല എന്ന കാരണത്താൽ ഇക്കാര്യത്തിനായി സ്വകാര്യഗ്രൂപ്പുകളിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിച്ചു.

മൂന്ന് സ്ഥാപനങ്ങൾ (സ്റ്റോറി ബോക്സ്--14,30,000, 3 Stories- 13,00,000, Yellow Fish-- 12,50,000) ഓഫർ സമർപ്പിച്ചതിൽ കുറവ് രേഖപ്പെടുത്തിയ Yellow Fish Digital Innovations Pvt. Ltd എന്ന സ്ഥാപനത്തിന്റെ ഓഫർ അക്കാദമി അംഗീകരിച്ചു. മാത്രമല്ല ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മികച്ചതാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടതായി കാണുന്നു.

മേൽ തീരുമാനങ്ങൾക്ക് നിർവാഹകസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. സ്ഥാപനങ്ങൾ ഹാജരാക്കിയ ഓഫറുകൾ പരിശോധിക്കുന്നതിന് സ്റ്റേറ്റ് ഐ. ടി മിഷന് അയച്ചുനൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനം ഹാജരാക്കിയ ഓഫറിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നതെന്ന കൃത്യമായ വിവരങ്ങൾ ഇല്ല. സ്ഥാപനവുമായി കരാർ വച്ചിട്ടില്ല. ഈ പ്രവൃത്തിക്ക് സാംസ്കാരികവകുപ്പിന്റെ അംഗീകാരം ലഭിച്ചതായി കാണുന്നില്ല. എന്തുകൊണ്ടാണ് വെബ്സൈറ്റ് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചതെന്ന് വ്യക്തമല്ല.
ഫയൽ പ്രകാരം സ്ഥാപനത്തിന് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നമ്പർ	തുക	റിമാർക്സ്
D05/18.04.2022	1,06,200	മുൻകൂർ തുക
D31/01.09.2022	2,36,000	സെക്കന്റ് ഇൻവോയ്സ്
ഫയലിൽ ഇല്ല	5,90,000	-
01.09.2022	3,17,420	നാലാമത് ഇൻവോയ്സ്

മുമ്പ് വെബ്സൈറ്റ് ചെയ്തിട്ടുള്ള ആൽഫാ ചാനൽ എന്ന സ്ഥാപനത്തിന്റെ കൈവശമാണ് ഡൊമൈൻ, ജി-മെയിൽ അവകാശങ്ങൾ എന്ന് ഫയലിൽ ചേർത്തിട്ടുണ്ട്. പേയ്മെന്റ് ഗേറ്റ് വേ, ലോജിസ്റ്റിക് ഗേറ്റ് വേ എന്നിവ സൗത്ത് ഇന്ത്യൻ ബാങ്ക്, ബ്ലൂഡാർട്ട് എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് ലഭ്യമാക്കിയിട്ടുള്ളതിന് മേൽ സ്ഥാപനങ്ങളുമായി കരാർ ഉള്ളതായോ ഈ സ്ഥാപനങ്ങളെ എപ്രകാരം തെരഞ്ഞെടുത്തു എന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

യെല്ലോഫിഷ് എന്ന സ്ഥാപനത്തിന്റെ 2,50,000 രൂപയുടെ വാർഷിക എ.എം.സി 2024 ജനുവരി 15 ലെ 14-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഇത് 1,80,000 രൂപയും ജി.എസ്.ടിയും എന്ന രീതിയിലേക്ക് കുറവ് ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയതായോ, എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്/നിർദ്ദേശിച്ചിട്ടുള്ളത് എന്നതിന്റെ രേഖപ്പെടുത്തലുകൾ, കരാർ എന്നിവ ഫയലിൽ ഇല്ല.
ഇ കൊമേഴ്സ്, സീനിയർ ആർട്ടിസ്റ്റുകളുടെ വിക്കിപീഡിയ പേജ് തുടങ്ങിയ പ്രവൃത്തികൾ ഓഫീസിൽ നിന്നും നിർദ്ദേശങ്ങൾ നൽകാത്തതിനാൽ ചെയ്തിട്ടില്ല എന്ന് ഫയലിൽ രേഖപ്പെടുത്തി കാണുന്നു.

കേരള ലളിതകലാ അക്കാദമി പ്രസിദ്ധീകരണങ്ങൾ, കലാസൃഷ്ടികൾ എന്നിവയുടെ വിപണനത്തിനായി store.lalithakala.org എന്ന ഓൺലൈൻ സംവിധാനത്തിന്റെ ചുമതല 2024 സെപ്റ്റംബർ 1 മുതൽ ചുവടെ

ചേർക്കുംവിധം നടപ്പാക്കിയിട്ടുണ്ട്.

ഓവറോൾ മേൽനോട്ടം	കെ. എസ്. ബിന്ദുമോൾ, ബാബുമോൻ കെ. കെ.
വെബ്സൈറ്റ് അഡ്മിൻ	ഷിജിത്ത് പി.
വെബ്സൈറ്റിലെ കലാസൃഷ്ടികളുടെ സ്റ്റോക്ക്	പി. വി. സുഭാഷ്, സുകേഷ്
വെബ്സൈറ്റിലെ പുസ്തകങ്ങളുടെ സ്റ്റോക്ക്	ഗിരിസന്ദീപ്, പ്രജിത, മനീഷ
വെബ്സൈറ്റിലെ പ്രിന്റുകളുടെ സ്റ്റോക്ക്	സാബിറുന്നീസ
വെബ്സൈറ്റിലെ മർച്ചന്റൻസ് സ്റ്റോക്ക്	ആർ. അജികുമാർ
പേയ്മെന്റ് ട്രാക്കിംഗ്	ദീലീപ്, ആര്യമോൾ
ഓർഡർ ട്രാക്കിംഗ്	പ്രജിത, മനീഷ
പാക്കിംഗ്, ഷിപ്പിംഗ്, കൊറിയർ	മാടസാമി, മുരളി, രാമചന്ദ്രൻ, റോബിൻസ്

മേൽപ്രകാരം ചുമതല നൽകിയത് പ്രകാരം വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ ഓഡിറ്റിന് ലഭ്യമാക്കുവാനും അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (2/13.05.2026, 6/14.05.2026 മറുപടി ലഭ്യമാക്കിയിട്ടില്ല. വെബ്സൈറ്റ് നവീകരണത്തിലെ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

വെബ്സൈറ്റ് പൂർണ്ണമായും അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് അനുസൃതമായി രൂപപ്പെടുത്തേണ്ടതാണ്. മുൻകാലങ്ങളിൽ വെബ്സൈറ്റ് ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും വെബ്സൈറ്റിന്റെ പൂർണ്ണ അവകാശം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇ കൊമേഴ്സ്, സീനിയർ ആർട്ടിസ്റ്റുകളുടെ വിക്കിപീഡിയ പേജ് തുടങ്ങിയ പ്രവൃത്തികൾ കൂടി പൂർത്തിയാക്കേണ്ടതാണ്. വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വാർഷിക ഭൗതികപരിശോധന നടത്തേണ്ടതുമാണ്.

3-6 നിർവ്വാഹക സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്ന വിഷയങ്ങൾ

1) നിയമാവലി ഭേദഗതി – തുടർ നടപടി സ്വീകരിക്കണം.

1962 ൽ ആരംഭിച്ച അക്കാദമിയുടെ മെമ്മോറാൻഡം ഓഫ് അസോസിയേഷൻ, ബൈലോ എന്നിവ 1985 ഡിസംബറിൽ രൂപീകരിച്ചിട്ടുള്ളതാണ്. ലളിതകലകളുടെ പ്രോത്സാഹത്തിനും, സംരക്ഷണത്തിനുമായി ആരംഭിച്ച അക്കാദമിയുടെ പ്രവർത്തനം നിലവിൽ സംസ്ഥാനത്തുടനീളം വ്യാപിച്ചിട്ടുള്ളതും, രൂപീകരിച്ച കാലഘട്ടത്തിലെ ലക്ഷ്യങ്ങളിൽ നിന്നും വിപുലീകരിച്ച് വിവരസാങ്കേതികത വിദ്യയുടെ അതിനൂതന വളർച്ചാ കാലഘട്ടത്തിൽ എത്തി നിൽക്കുകയാണ്. എന്നാൽ ആയതിനനുസൃതമായി നിയമാവലിയിൽ മാറ്റം വരുത്താത്തത് വിവിധ മേഖലകളിൽ ഇടപെടുന്നതിനുള്ള അക്കാദമിയുടെ സാധ്യതയെ പരിമിതപ്പെടുത്തുന്നതിനാൽ നിലവിലെ നിയമാവലി ഭേദഗതി ചെയ്യുന്നതിന് വിവിധ കാലയളവുകളിലെ നിർവ്വാഹക സമിതികൾ തീരുമാനമെടുക്കുകയും സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതായും മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ ക്രിയാത്മകമായ തുടർ നടപടികൾ ഉണ്ടായിട്ടില്ല എന്നു കണ്ടു. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് കാലോചിതമായ ഭേദഗതികൾ നിയമാവലിയിൽ ഉൾപ്പെടുത്തുന്നതിനായി നിർവ്വാഹക സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2) അനുബന്ധ സ്ഥാപനങ്ങൾ, ഗാലറികൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം ഉറപ്പു വരുത്തണം.

അക്കാദമിയുടെ കീഴിൽ സംസ്ഥാന വ്യാപകമായി ധാരാളം അനുബന്ധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ധാരാളം താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. എന്നാൽ ഈ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ, യോഗ്യത, വേതന വ്യവസ്ഥകൾ, ചുമതലകൾ, ഉത്തരവാദിത്തം എന്നിവ സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോ, നിയമവ്യവസ്ഥകളോ നിലവിലില്ല. ജീവനക്കാരുടെ അറ്റൻഡൻസ് നിരീക്ഷിക്കുന്നതിനാവശ്യമായ ശാസ്ത്രീയ സംവിധാനങ്ങൾ,

ഗാലറികളിലും മറ്റും അടവാക്കുന്ന തുക യഥാസമയം അക്കൗണ്ട് ചെയ്യുന്നതിനും, സൂപ്പർവൈസറി പരിശോധന നടത്തി അതാത് അക്കൗണ്ട് ഹെഡുകളിൽ വരവു വന്നിട്ടുള്ളത് പരിശോധിച്ച് ഉറപ്പാക്കുന്നതിനും, വാർഷിക കണക്കുകൾ, അനുബന്ധ രജിസ്റ്ററുകൾ, രേഖകൾ എന്നിവ സൂക്ഷിക്കുന്നത് സംബന്ധിച്ച അക്കൗണ്ടിംഗ് ചട്ടങ്ങൾ, വ്യവസ്ഥകൾ എന്നിവയും നാളിതുവരെ രൂപീകരിച്ചതായി കാണുന്നില്ല. അക്കാദമിയുടെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടവും, പ്രവർത്തനങ്ങളിലെ സുതാര്യത ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നിയമ വ്യവസ്ഥകൾ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3) താൽക്കാലിക ജീവനക്കാരുടെ നിയമനം, സർക്കാർ അംഗീകാരം, ഇതേ രീതിയിൽ സ്ഥിരം ജീവനക്കാരുടെ യോഗ്യതകൾ, നിയമന രീതി, വേതന/സ്ഥാനക്കയറ്റ/ചുമതലകൾ/ഉത്തരവാദിത്തം എന്നിവ നിർണ്ണയിച്ച് ആവശ്യമായ ഭേദഗതികൾ റഗുലേഷനിൽ ഉൾപ്പെടുത്തി കാണുന്നില്ല. മറ്റ സാംസ്കാരിക സ്ഥാപനങ്ങളിലെ സമാന തസ്തികകളുടെ ശമ്പള സ്കെയിലുകളുമായുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുന്നത്, സ്റ്റാഫ് പാറ്റേൺ റിവിഷൻ പ്രൂപാർശകളുമായി ബന്ധപ്പെട്ട തുടർ നടപടികളുടെ അഭാവം, റഗുലേഷനുകളിൽ വരുത്തേണ്ട കാലോചിതമായ ഭേദഗതികൾ, കലാസൃഷ്ടികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് എന്നിങ്ങനെ നിലവിൽ പരിഹരിക്കേണ്ടതായ വിഷയങ്ങളിൽ പലതും നിർവ്വാഹക സമിതി ചർച്ച ചെയ്യുന്നതായി മിനിറ്റ്സിൽ രേഖപ്പെടുത്തി കാണുന്നുണ്ടെങ്കിലും മേൽ വിഷയങ്ങളിൽ ക്രിയാത്മകമായ തുടർ നടപടികൾ സ്വീകരിക്കുന്നില്ല എന്നു കാണുന്നു. ഇത്തരം വിഷയങ്ങൾ സാംസ്കാരിക വകുപ്പ് ഡയറക്ടറുടേയും, സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

3-7 വിവിധ രേഖകളുടെ പരിപാലനം കൃത്യമായി നിർവഹിക്കുന്നില്ല

1. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.

അക്കാദമിയിലെ വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 148 (എ)(i), (iv) എന്നിവ പ്രകാരം ബിൽ പ്രകാരം ലഭ്യമായ സാധനങ്ങൾ പരിശോധിച്ച് സ്റ്റോക്കിലെടുത്ത ശേഷമേ സപ്ലെയർക്ക് തുക നല്കാവൂ. എന്നാൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഇൻവോയ്സുകളിൽ സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തുന്നില്ല. വാങ്ങിയ ഇനങ്ങൾ വിതരണം ചെയ്യുമ്പോൾ കൈപ്പറ്റുന്ന വ്യക്തികളുടെ വിവരം ചേർക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 158 പ്രകാരം സ്റ്റോക്കിന്റെ വാർഷിക ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ അക്കാദമിയിൽ അപ്രകാരം വാർഷികപരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. വൗച്ചറുകളോടൊപ്പം സ്ഥാപനങ്ങളുടെ / വ്യക്തികളുടെ ബിൽ, ഇൻവോയ്സ് എന്നിവ സൂക്ഷിച്ചിട്ടില്ല. ഏത് വ്യക്തികളുടെ അക്കൗണ്ടിലേക്കാണ് തുക നൽകുന്നത് എന്ന വിവരം , പെയ്മെന്റ് സ്റ്റാറ്റസ് എന്നിവ ഇല്ല. ഓരോ മാസവും വൗച്ചറുകൾക്ക് പുതിയ നമ്പറുകൾ നൽകിയാണ് സൂക്ഷിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തിൽ തുടർച്ചയായ നമ്പറുകൾ നൽകുന്നില്ല. രജിസ്റ്ററുകൾ/വൗച്ചറുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി--20/18.5.26)

3-8 താൽക്കാലിക ജീവനക്കാരുടെ നിയമനം-നിയമാനുസൃത നടപടികൾ സ്വീകരിക്കണം.

ലളിത കലകളുടെ പരിപോഷണത്തിനും വികസനത്തിനുമായി കേരള സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ കേരള ലളിതകലാ അക്കാദമി 1962 ലാണ് സ്ഥാപിച്ചത്. അക്കാദമിയുടെ കീഴിൽ 11 ജില്ലകളിലായി 15 ഗാലറികൾ, എറണാകുളം ദർബാർഹാൾ കലാകേന്ദ്രത്തിനോട് ചേർന്ന് വിപുലമായ റഫറൻസ് ലൈബ്രറി, പത്മിനി മ്യൂസിയം, കായംകുളത്ത് ദേശീയ കാർട്ടൂൺ മ്യൂസിയം, ശ്രീകണ്ഠാപുരത്ത് പ്രവർത്തിക്കുന്ന ഗ്ലോബൽ ആർട്ടിസ്റ്റ് വില്ലേജ്, കിളിമാനൂർ രാജാരവിവർമ്മ സാസ്കാരിക സമുച്ചയത്തിൽ ആർട്ടിസ്റ്റ് റസിഡൻസി, തിരുവനന്തപുരം അനന്തവിലാസം കൊട്ടാരത്തിൽ സെയിൽസ് കൗണ്ടർ എന്നിവയാണ് അക്കാദമിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ.

കേരള ലളിത കലാ അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള തസ്തികകളുടെ ശമ്പളവും, അലവൻസുകളും പരിഷ്കരിച്ചുകൊണ്ടുള്ള സാംസ്കാരിക കാര്യ (എ) വകുപ്പിന്റെ 25.01.2023 തിയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 1/2023/സി.എൽ.എ.ഡി നമ്പർ ഉത്തരവ് ഖണ്ഡിക-2 പ്രകാരം കേരള ലളിത കലാ

അക്കാദമിയിലെ സർക്കാർ അംഗീകാരമുള്ള 18 തസ്തികകൾ മാത്രമാണ് നിലവിലുള്ളത് അവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	തസ്തിക	എണ്ണം
1	സെക്രട്ടറി	1
2	മാനേജർ	1
3	എക്സിബിഷൻ ഓഫീസർ	1
4	അസിസ്റ്റന്റ് എക്സിബിഷൻ ഓഫീസർ	1
5	യു.ഡി. ക്ലാർക്ക്	1
6	അക്കൗണ്ടന്റ്	1
7	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	1
8	കെയർ ടേക്കർ	2
9	എൽ.ഡി. ക്ലാർക്ക്	1
10	ഡ്രൈവർ	1
11	പ്യൂൺ	2
12	അറ്റൻഡർ-ലാസ്റ്റ് ഗ്രേഡ്	2
13	നൈറ്റ് വാച്ച്മാൻ	1
14	വാച്ച് മാൻ	1
15	സ്വീപ്പർ കം ഗാർഡനർ	1
	ആകെ	18

മേൽ സൂചിപ്പിച്ച 18 അംഗീകൃത തസ്തികകളിൽ നിലവിൽ 17 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുവരുന്നു. സാമ്പത്തിക വർഷത്തിൽ മാനേജർ തസ്തികയിൽ അക്കൗണ്ടന്റിന് ചാർജ്ജ് നൽകുകയാണ് ചെയ്തിട്ടുള്ളത്. സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനും മേൽ നോട്ടത്തിനും മാനേജർ തസ്തികയിൽ പ്രൊമോഷൻ വഴി സ്ഥിര നിയമനം നൽകുന്നതിന് നിർവ്വാഹക സമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

താൽക്കാലിക ജീവനക്കാരുടെ നിയമനം
അക്കാദമിയിൽ താഴെ പറയുന്ന ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവരിൽ പല ജീവനക്കാരും 10 വർഷത്തിലധികമായി അക്കാദമിയിൽ തുടരുന്നതായി കാണുന്നു.

ക്രമ നമ്പർ	താല്ക്കാലിക ജീവനക്കാരന്റെ പേര്	ജോലിചെയ്യുന്ന സ്റ്റേഷൻ	തസ്തിക
1	ഉഷ പി. ആർ.	എറണാകുളം	സ്വീപ്പർ
2	ഓമന കെ. കെ.	എറണാകുളം	സ്വീപ്പർ
3	ബിന്ദു പി. എസ്.	എറണാകുളം	സ്വീപ്പർ
4	ബീന എസ്.	എറണാകുളം	ലൈബ്രേറിയൻ
5	പ്രമോദ് എം. വാസുദേവ്	എറണാകുളം	ഓഫീസ് അസിസ്റ്റന്റ്
6	അനിലമോൾ	എറണാകുളം	ഗാലറി അറ്റൻഡർ
7	അശോക് രാജ്	-	പാർട്ട് ടൈം സ്വീപ്പർ
